**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്തചോദ്യം നമ്പർ: 3951 — 24.06.2014-ൽ മറുപടിയ്ക്ക്

## പ്രീമെട്രിക്, പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളിലെ സൗകര്യങ്ങൾ

**ചോദ്യം**
**ശ്രീ.കെ.രാധാകൃഷ്ണൻ**

**മറുപടി**
**കുമാരി.പി.കെ.ജയലക്ഷ്മി**
**(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| എ) | സംസ്ഥാനത്ത് പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന പ്രീമെട്രിക്, പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | എ) | സംസ്ഥാനത്ത് പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ 107 പ്രീമെട്രിക് ഹോസ്റ്റലുകളും 3 പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളും പ്രവർത്തിച്ചുവരുന്നു. വിശദാംശം അനുബന്ധമായി ചേർക്കുന്നു. |
| ബി) | പ്രസ്തുത ഹോസ്റ്റലുകളിലെ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത കുട്ടികൾക്ക് ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്നതായ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| സി) | ഹോസ്റ്റലുകളിലെ കുട്ടികളുടെ ആരോഗ്യം പൂർണ്ണമായും സംരക്ഷിക്കുന്നവിധം ശുചിത്വം ഉറപ്പാക്കുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | സി) | പട്ടികവർഗ്ഗ വികസന വകുപ്പിലെ പോസ്റ്റ്മെട്രിക്, പ്രീമെട്രിക് ഹോസ്റ്റലുകളിലെ അടിസ്ഥാനസൗകര്യ വികസനത്തിനും നവീകരണത്തിനുമുള്ള നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ഹോസ്റ്റൽ കെട്ടിടങ്ങളുടെ നവീകരണം, അധികസൗകര്യങ്ങൾ ഏർപ്പെടുത്തൽ, ഹോസ്റ്റലുകളിലെ ശുദ്ധജലവിതരണ സംവിധാനം മെച്ചപ്പെടുത്തൽ, |

| | | | |
|---|---|---|---|
| | | | ടോയ്‌ലറ്റുകളുടെ അറ്റകുറ്റപ്പണികൾ, പരിസര ശുചീകരണം, മെഡിക്കൽ ക്യാമ്പുകൾ എന്നിവ ഇതിൽ ഉൾപ്പെടുന്നു. സ്ഥലം എം.എൽ.എയുടെ അദ്ധ്യക്ഷതയിൽ വിവിധ ജനപ്രതിനിധികൾ അംഗങ്ങളായുള്ള ഉപദേശകസമിതി യോഗം ചേർന്നു ഹോസ്റ്റലുകളുടെ കാര്യക്ഷമമായ പ്രവർത്തനം ഉറപ്പുവരുത്തുന്നുണ്ട്. |
| ഡി) | ഹോസ്റ്റലുകളിലെ അന്തേവാസികളായ കുട്ടികൾക്ക് നിയമാനുസരണം എല്ലാവിധ സൗകര്യങ്ങളും ലഭ്യമാക്കിയിട്ടുണ്ടെന്ന് ഉറപ്പുവരുത്താൻ കാലാകാലങ്ങളിൽ മേലധികാരികൾ ആവശ്യമായ പരിശോധനകൾ നടത്തുവാൻ നടപടികൾ സ്വീകരിക്കുമോ? | ഡി) | പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഹോസ്റ്റലുകളിൽ അധിവസിക്കുന്ന കുട്ടികൾക്ക് എല്ലാവിധ സൗകര്യങ്ങളും ലഭ്യമാക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തുന്നതിനായി ബന്ധപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥർ അടങ്ങുന്ന ഉപദേശകസമിതി രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നുണ്ട്. കൂടാതെ, ഹോസ്റ്റലുകളുടെയും, എം.ആർ.എസുകളുടെയും പ്രവർത്തനം പരിശോധിച്ച് റിപ്പോർട്ട് ചെയ്യുന്നതിന് സെക്രട്ടേറിയറ്റിലെ നാലംഗ ഉദ്യോഗസ്ഥ സംഘത്തെ സർക്കാർ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**